


بسم الله الرحمن الرحيم

**മരണം സത്യമാണ്.**

﴿ إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴾ (الزمر: ٣٠)

﴿ أَيْنَمَا تَكُونُوا يُدْرِككُّمُ الْمَوْتُ وَلَوْ كُنتُمْ فِي بُرُوجٍ مُّشَيَّدَةٍ ﴾ (النساء: ٧٨)

നമുക്ക് വേണ്ടപ്പെട്ട പലരും മരണപ്പെട്ട് പോയി.
അവർക്ക് വേണ്ടി നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?
മരണപ്പെട്ടവർക്ക് പ്രതിഫലം ലഭിക്കാൻ വേണ്ടി പല പ്രവർത്തികളും ചെയ്യുന്നുണ്ട്.

◆ **ഉദാഹരണം:**

1. മൂന്ന്, ഏഴ്, പതിനാല്, നാൽപ്പത്.
2. മരണ വീട്ടിലെ ക്വുർആൻ പാരായണം
3. കബറിന്റെ സമീപത്ത് ക്വുർആൻ പാരായണം.

**ഇത്തരം പ്രവർത്തനങ്ങൾക്കൊന്നും പ്രമാണങ്ങളുടെ പിൻബലമില്ല.**
പ്രമാണങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളാണ് ഈ ഖുത്ബയിലൂടെ സംസാരിക്കുന്നത്.
മരണപ്പെട്ടവർക്ക് പ്രതിഫലം ലഭിക്കുന്നതിനായി ജീവിച്ചിരിക്കുന്നവർ ചെയ്യേണ്ട കർമ്മങ്ങൾ ഏതൊക്കെയാണ് നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

## 1. പ്രാർത്ഥന

മയ്യിത്തിന് ഉപകാരം ലഭിക്കുന്നതിനായി ജീവിച്ചിരിക്കുന്നവർ ചെയ്യേണ്ട കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രാർത്ഥനയാണ്.

وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا { وَقُلْ رَبِّ ارْحَمْهُمَا } أي: ادع لهما بالرحمة أحياء وأمواتا، جزاء على تربيتهما إياك صغيرا.

ഇത് വ്യത്യസ്ത സന്ദർഭങ്ങളിൽ നിർവ്വഹിക്കാവുന്നതാണ്.

◆ **മയ്യിത്ത് കാണുമ്പോൾ**

നബി (സ്വ) അബൂസലമയുടെ മയ്യിത്ത് കണ്ടപ്പോൾ പ്രാർത്ഥിച്ചു.

**اللهُمَّ اغْفِرْ لِفُلَانٍ (باسمه) وَارْفَعْ دَرَجَتَهُ فِي الْمَهْدِيين ، وَاخْلُفْهُ فِي عَقِبِهِ فِي الغابِرين، وَاغْفِرْ لَنا وَلَهُ يا رَبَّ العالَمين، وَافْسَحْ لَهُ فِي قَبْرِهِ وَنَوِّرْ لَهُ فيه (مسلم)**

മയ്യിത്തിന്റെ സമീപത്തു വെച്ച് നല്ലതു പറയണം.

**عَنْ أُمِّ سَلَمَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِذَا حَضَرْتُمُ الْمَرِيضَ أَوِ الْمَيِّتَ فَقُولُوا خَيْرًا فَإِنَّ الْمَلاَئِكَةَ يُؤَمِّنُونَ عَلَى مَا تَقُولُونَ**

ഉമ്മുസലമയിൽ(റ) നിന്ന് നിവേദനം: നബിﷺ പറഞ്ഞു: രോഗിയുടെയോ മയ്യത്തിന്റെയോ സമീപത്ത് സന്നിഹിതരാവുമ്പോൾ നല്ലതേ നിങ്ങൾ പറയാവൂ. നിങ്ങളുടെ പ്രാർത്ഥനകൾക്ക് മലക്കുകൾ ആമീൻ ചൊല്ലും.......... (മുസ്ലിം)

◆ **മയ്യിത്ത് നമസ്കാരത്തിൽ...**

عَنْ عَائِشَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَا مِنْ مَيِّتٍ يُصَلِّي عَلَيْهِ أُمَّةٌ مِنَ الْمُسْلِمِينَ يَبْلُغُونَ مِائَةً كُلُّهُمْ يَشْفَعُونَ لَهُ إِلاَّ شُفِّعُوا فِيهِ

ആയിശയിൽ (റ) നിന്ന് നിവേദനം: നബിﷺ പറഞ്ഞു: നൂറോളം പേരടങ്ങുന്ന ഒരു സംഘം മുസ്ലിംകൾ ഒരു മയ്യിത്തിന് വേണ്ടി ശുപാർശ ചെയ്തുകൊണ്ട് നമസ്കരിച്ചാൽ അവരുടെ ശുപാർശ സ്വീകരിക്കപ്പെടാതിരിക്കുകയില്ല. (മുസ്‌ലിം)

◆ **മറ്റൊരു ഹദീസിൽ...**

مَا مِنْ رَجُلٍ مُسْلِمٍ يَمُوتُ فَيَقُومُ عَلَى جَنَازَتِهِ أَرْبَعُونَ رَجُلاً لاَ يُشْرِكُونَ بِاللَّهِ شَيْئًا إِلاَّ شَفَّعَهُمُ اللَّهُ فِيهِ

ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞതായി ഞാൻ കേട്ടു. ഒരു മുസ്‌ലിമായ മനുഷ്യൻ മരിക്കുകയും, അല്ലാഹുവിൽ യാതൊന്നും പങ്ക് ചേർക്കാത്തവരായ നാൽപത് പേർ അവന്റെ ജനാസ നമസ്കാരം നിർവഹിക്കുകയും ചെയ്താൽ അവന്റെ കാര്യത്തിലുള്ള അവരുടെ ശുപാർശ അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. (മുസ്‌ലിം)

◆ **മയ്യിത്ത് മറമാടി കഴിഞ്ഞാൽ...**

عَنْ عُثْمَانَ بْنِ عَفَّانَ، قَالَ كَانَ النَّبِيُّ صلى الله عليه وسلم إِذَا فَرَغَ مِنْ دَفْنِ الْمَيِّتِ وَقَفَ عَلَيْهِ فَقَالَ " اسْتَغْفِرُوا لأَخِيكُمْ وَسَلُوا لَهُ التَّثْبِيتَ فَإِنَّهُ الآنَ يُسْأَلُ

ഉസ്മാനുബിൻ അഫ്ഫാനിൽ(റ) നിന്ന് നിവേദനം: നബിﷺ മയ്യിത്ത് മറമാടിക്കഴിഞ്ഞാൽ അവിടെ നിന്നുകൊണ്ട് (ഇപ്രകാരം) പറയാറുണ്ട്: നിങ്ങളുടെ സഹോദരനുവേണ്ടി നിങ്ങൾ പൊറുക്കലിനെ തേടുകയും (ഖബറിലെ ചോദ്യത്തിൽ) ദൃഢതയും സ്ഥൈര്യവും ആവശ്യപ്പെടുകയും ചെയ്യുക. നിശ്ചയം, അവനിപ്പോൾ ചോദ്യം ചെയ്യപ്പെടും. (അബൂദാവൂദ്)

◆ **ഈ പ്രാർത്ഥനകൾ ഉപകരിക്കും.**

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ . صلى الله عليه وسلم . قَالَ: إِنَّ الرَّجُلَ لَتُرْفَعُ دَرَجَتُهُ فِي الْجَنَّةِ فَيَقُولُ أَنَّى هَذَا فَيُقَالُ بِاسْتِغْفَارِ وَلَدِكَ لَكَ

അബൂഹുറൈറയിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: നിശ്ചയം, അല്ലാഹു ഒരു സ്വാലിഹായ അടിമക്ക് സ്വർഗത്തിൽ തന്റെ പദവി ഉയർത്തിക്കൊടുക്കും. അപ്പോൾ അയാൾ പറയും: എനിക്ക് ഇതെങ്ങനെയാണ് ലഭിച്ചത്? അപ്പോൾ അല്ലാഹു പറയും: നിന്റെ മകൻ നിനക്ക് വേണ്ടി പാപമോചനത്തിന് തേടിയതു കൊണ്ട്. (സുനനുഇബ്നുമാജ)

◆ **സ്വഹാബികൾക്ക് ശേഷമുള്ള സത്യവിശ്വാസികളുടെ ഒരു പ്രാർത്ഥന**

وَٱلَّذِينَ جَآءُو مِنۢ بَعْدِهِمْ يَقُولُونَ رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَـٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ (١٠/٥٩)

## 2. മരിച്ചയാളുടെ കടം വീട്ടൽ

മരണപ്പെട്ട വ്യക്തിക്ക് കടബാധ്യതയുണ്ടെങ്കിൽ വീട്ടുവാൻ നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : نَفْسُ الْمُؤْمِنِ مُعَلَّقَةٌ بِدَيْنِهِ حَتَّى يُقْضَى عَنْهُ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം; നബിﷺ പറഞ്ഞു: കടം വീട്ടുന്നതുവരെ സത്യ വിശ്വാസിയുടെ ആത്മാവ് അതുമായി ബന്ധിക്കപ്പെടും. (തുർമുദി)

◆ **മയ്യിത്തിന്റെ കടം വീട്ടിയാലാണ് ആശ്വാസം ലഭിക്കുക.**

عَنْ سَعْدِ بْنِ الأَطْوَلِ، أَنَّ أَخَاهُ، مَاتَ وَتَرَكَ ثَلاَثَمِائَةِ دِرْهَمٍ وَتَرَكَ عِيَالاً فَأَرَدْتُ أَنْ أُنْفِقَهَا عَلَى عِيَالِهِ فَقَالَ النَّبِيُّ صلى الله عليه وسلم " إِنَّ أَخَاكَ مُحْتَبَسٌ بِدَيْنِهِ فَاقْضِ عَنْهُ " . فَقَالَ يَا رَسُولَ اللَّهِ قَدْ أَدَّيْتُ عَنْهُ إِلاَّ دِينَارَيْنِ ادَّعَتْهُمَا امْرَأَةٌ وَلَيْسَ لَهَا بَيِّنَةٌ . قَالَ " فَأَعْطِهَا فَإِنَّهَا مُحِقَّةٌ ".

സഅദ്ബ്നുൽ അത്’വലിൽ (റ) നിന്ന് നിവേദനം : അദ്ദേഹത്തിന്റെ സഹോദരൻ മുന്നൂറ് ദിർഹമും , തന്റെ കുടുംബത്തേയും ഉപേക്ഷിച്ച് കൊണ്ട് മരിച്ചുപോയി. സഈദ് പറയുന്നു. ആ മുന്നൂറ് ദിർഹം അദ്ദേഹത്തിന്റെ കുടുംബത്തിന് വേണ്ടി ചിലവഴിക്കാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: ‘നിന്റെ സഹോദരൻ അദ്ദേഹത്തിന്റെ കടം മുഖേനെ തടഞ്ഞ് വെക്കപ്പെട്ടിരിക്കുകയാകുന്നു. അതുകൊണ്ട് നീ കടം വീട്ടുക’. അങ്ങനെ ഞാൻ കടം വീട്ടി. രണ്ട് ദീനാർ ഒഴിച്ച്. ഒരു സ്ത്രീ പറയുന്നു. എനിക്ക് രണ്ട് ദീനാർ തരാനുണ്ട്. പക്ഷേ അവൾക്ക് അതിനുള്ള തെളിവില്ല. അപ്പോൾ നബിﷺ പറയുകയുണ്ടായി. നീ അവൾക്ക് അത് കൊടുക്കുക. അവൾ അതിന് അർഹയാകുന്നു.(ഇബ്നുമാജ)

◆ **ശ്രദ്ധിക്കുക:**

മരണപ്പെട്ടയാൾക്ക് ഉപകാരം ലഭിക്കുന്നതിനായി കടം വീട്ടുന്നതിന് രക്തബന്ധമോ കുടുംബ ബന്ധമോ ഒന്നും നിബന്ധനയില്ല. ഒരു സത്യവിശ്വാസിക്ക് മരണപ്പെട്ട ഏതൊരു സത്യ വിശ്വാസിക്ക് വേണ്ടിയും ഇത് ചെയ്യാവുന്നതാണ്. അതുവഴി മരണപ്പെട്ടയാളിന് ഉപകാ രം ലഭിക്കുന്നു.

## 3. സ്വദഖ

മരണപ്പെട്ട വ്യക്തിക്ക് വേണ്ടി അടുത്ത ബന്ധുക്കൾക്ക് സ്വദഖ നൽകാമെന്ന് നബി (സ്വ) പഠിപ്പിച്ചത് കാണാം.

ബന്ധുക്കളുടെ സ്വദഖയുടെ പുണ്യം മയ്യിത്തിന് ലഭിക്കുകയും ചെയ്യും.

عَنْ أَبِي هُرَيْرَةَ، أَنَّ رَجُلاً، قَالَ لِلنَّبِيِّ صلى الله عليه وسلم إِنَّ أَبِي مَاتَ وَتَرَكَ مَالاً وَلَمْ يُوصِ فَهَلْ يُكَفِّرُ عَنْهُ أَنْ أَتَصَدَّقَ عَنْهُ قَالَ " نَعَمْ " .

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: ഒരിക്കൽ ഒരാൾ നബിﷺയുടെ അടുക്കൽ വന്നു പറഞ്ഞു : അല്ലാഹുവിന്റെ റസൂലേ, ഒരു വസ്വിയ്യത്തും ചെയ്യാൻ സാധിക്കാതെ എന്റെ പിതാവ് മരിച്ചു..ഞാൻ അവർക്കു വേണ്ടി സദഖ ചെയ്താൽ അവരുടെ പാപങ്ങൾ മായ്ക്കപ്പെടുമോ? അപ്പോൾ നബിﷺ പറഞ്ഞു : അതെ. (മുസ്ലിം)

- **മറ്റൊരു സംഭവം.**

عن سعد بن عبادة :أنَّ أمَّهُ ماتَتْ فقال: يا رسولَ اللهِ إنَّ أُمِّي ماتَتْ أفأتصدقُ عنها؟ قال : نعَمْ قال :فأيُّ الصدقةِ أفضلُ؟ قال :سَقيُ الماءِ، (أخرجه أبو داود)

സഅദ്ബ്നു ഉബാദ നബി (സ്വ) പറഞ്ഞു: എന്റെ ഉമ്മ മരണപ്പെട്ടു. അവർക്ക് വേണ്ടി സ്വദഖ ചെയ്യാൻ പറ്റുമോ? നബി (സ്വ) പറഞ്ഞു: അതെ, ഏതു സ്വദഖയാണ് ഏറ്റവും ശ്രേഷ്ഠമായത്? നബി (സ്വ) പറഞ്ഞു: വെള്ളം നൽകുക.

◆ **ശ്രദ്ധിക്കുക:**

- മരണപ്പെട്ടവർക്ക് പ്രതിഫലം ലഭിക്കാൻ വേണ്ടി വഖഫ് ചെയ്യാവുന്നതാണ്.
- പള്ളികൾ നിർമ്മിച്ചു കൊടുക്കാം.
- കിണറുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകാം.

## 4. നോമ്പ്

മരണപ്പെട്ട വ്യക്തിയുടെ ഫർദായ നോമ്പുകളോ നേർച്ച നോമ്പുകളോ ഉണ്ടെങ്കിൽ അവ നോറ്റു വീട്ടൽ ജീവിച്ചിരിക്കുന്നവർക്ക് ബാധ്യതയാണ്.

عن عائشة أم المؤمنين :مَن ماتَ وعليه صِيامٌ صامَ عنه ولِيُّهُ ( صحيح البخاري)

ഈ ഹദീസിനെ വിശദീകരിച്ച് പണ്ഡിതന്മാർ ഇവിടെ ഉദ്ദേശിക്കുന്നത് നേർച്ച നോമ്പാണ് എന്ന് പഠിപ്പിക്കുന്നുണ്ട്.

മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം.

عَنِ ابْنِ عَبَّاسٍ . رضى الله عنهما . قَالَ جَاءَ رَجُلٌ إِلَى النَّبِيِّ صلى الله عليه وسلم فَقَالَ يَا رَسُولَ اللَّهِ إِنَّ أُمِّي مَاتَتْ، وَعَلَيْهَا صَوْمُ شَهْرٍ، أَفَأَقْضِيهِ عَنْهَا قَالَ " نَعَمْ . قَالَ . فَدَيْنُ اللَّهِ أَحَقُّ أَنْ يُقْضَى ".

ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം: ഒരാൾ നബിﷺയുടെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്റെ മാതാവ് മരണപ്പെട്ടു. അവർക്ക് ഒരു മാസത്തെ നോമ്പ് നോൽക്കാൻ ബാദ്ധ്യതയുണ്ട്. അവർക്കു വേണ്ടി ഞാനത് നോറ്റു വീട്ടട്ടെ? നബിﷺ

പറഞ്ഞു: അതെ, നോറ്റുവീട്ടുക. അല്ലാഹുവിനോടുള്ള കടമാണ് വീട്ടാൻ ഏറ്റവും അർഹത യുള്ളത്. (ബുഖാരി)

## 5. ഹജ്ജും ഉംറയും

നോമ്പിനെ പോലെയാണ് ഹജ്ജിന്റെയും ഉംറയുടെയും കാര്യം.

عَنِ ابْنِ عَبَّاسٍ .رضى الله عنهما.أَنَّ امْرَأَةً، مِنْ جُهَيْنَةَ جَاءَتْ إِلَى النَّبِيِّ صلى الله عليه وسلم فَقَالَتْ إِنَّ أُمِّي نَذَرَتْ أَنْ تَحُجَّ، فَلَمْ تَحُجَّ حَتَّى مَاتَتْ أَفَأَحُجُّ عَنْهَا قَالَ " نَعَمْ. حُجِّي عَنْهَا، أَرَأَيْتِ لَوْ كَانَ عَلَى أُمِّكِ دَيْنٌ أَكُنْتِ قَاضِيَةً اقْضُوا اللَّهَ، فَاللَّهُ أَحَقُّ بِالْوَفَاءِ ".

ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം: ജുഹൈന ഗോത്രത്തിലെ ഒരു സ്ത്രീ നബിയോട് ചോദിച്ചു. എന്റെ മാതാവ് ഹജ്ജിന് നേർച്ചയാക്കിയിരുന്നു. അങ്ങനെ അത് നിർവ്വഹി ക്കാൻ കഴിയാതെ അവർ മരിച്ച് പോയി. അതുകൊണ്ട് അവർക്ക് പകരമായി ഞാൻ ഹജ്ജ് ചെയ്യട്ടെയോ? നബി (സ) പറഞ്ഞു: അതെ, അവർക്ക് പകരമായി നീ ഹജ്ജ് ചെയ്യുക. നിന്റെ മാതാവ് കൊടുത്ത് വീട്ടേണ്ട കടമുണ്ടായിരുന്നെങ്കിൽ നീ അത് വീട്ടുമായി രുന്നില്ലേ? അല്ലാഹുവിന്റെ ബാധ്യത നിർവ്വഹിക്കൂ. അവന്റെ ബാധ്യതയാണ് നിർവ്വഹി ക്കാൻ കൂടുതൽ അർഹമായിട്ടുള്ളത്. (ബുഖാരി)

- ഹജ്ജും ഉംറയും നേർച്ചയാക്കാത്തവർക്ക് വേണ്ടിയും ഹജ്ജും ഉംറയും നിർവഹിക്കാം.
- എന്നാൽ മറ്റുള്ളവർക്ക് വേണ്ടി ഹജ്ജും ഉംറയും നിർവഹിക്കുമ്പോൾ സ്വന്തത്തിന് വേണ്ടി ഹജ്ജും ഉംറയും ആദ്യം നിർവഹിക്കണം.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.